# രാജ്യത്തേ
# ജനങ്ങ

**കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ**



**നാ**ടിന്റെ നാനാ ദിക്കുകളിൽ നിന്നുള്ള പരശതം വിശ്വാസികൾ ഇന്ന് മുതൽ മർകസ് നഗരിയിലേക്ക് ഒഴുകിയെത്തുകയാണ്. പല ആവശ്യങ്ങളും അഭിലാഷങ്ങളും നെഞ്ചിലേറ്റിയാണ് അവർ ഓരോ തവണയും മർകസിലെത്തുന്നത്. അവരുടെ വികാരങ്ങളെ മുഴുവൻ പരസ്പരം കണ്ണി ചേർക്കുന്നത് ഒരേയൊരു സ്വപ്നമാണ്; നാല് പതിറ്റാണ്ട് മുമ്പ് കാരന്തൂർ എന്ന കൊച്ചുഗ്രാമത്തിൽ മർകസ് നട്ടു വളർത്തിയ സ്വപ്നമാണത്. ആ സ്വപ്നത്തിന്റെ തണൽ പറ്റിയാണ് ഇക്കാലയളവിൽ രാജ്യത്തെ വലിയൊരു വിഭാഗം വരുന്ന പാവപ്പെട്ട മുസ്‌ലിംകൾ അവരുടെ ജീവിതത്തെ കരുപ്പിടിപ്പിച്ചത്. ദാരിദ്ര്യത്തിനും അറിവില്ലായ്മക്കുമിടയിൽ കിടന്ന് ജീവിതത്തെക്കുറിച്ചുള്ള നല്ല സ്വപ്നങ്ങൾ കാണാൻ മറന്നുപോയ ജനതയുടെ പ്രതീക്ഷയും ആത്മവിശ്വാസവുമായി മർകസ് വളർന്നു പന്തലിച്ചു.

ഞാൻ തന്നെ പലപ്പോഴും സൂചിപ്പിച്ചതുപോലെ, വെല്ലൂർ ബാഖിയാത്തിലെ പഠന കാലത്താണ് സമാനമായ ഒരു വിദ്യാഭ്യാസ സ്ഥാപനം കേരളത്തിലും തുടങ്ങുന്നതിനെ കുറിച്ച് ആലോചിക്കാൻ തുടങ്ങിയത്. എഴുപതുകളുടെ അവസാനം, എന്റെ സഹ പ്രവർത്തകരുമായി ചേർന്ന്, സമസ്ത കേരള സുന്നി യുവജന സംഘത്തിന്റെ കീഴിൽ ഒരു വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കുന്നതിനെ കുറിച്ചുള്ള ആലോചനകൾ ശക്തമായപ്പോൾ. ബാഖിയാത്തിൽ നിന്നും എനിക്ക് ലഭിച്ച ആഗ്രഹത്തിന്റെ പൂർത്തീകരണവും കൂടിയായി അത് മാറി. പക്ഷേ, കേരളീയ പശ്ചാത്തലത്തിൽ ഒരു മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുമ്പോൾ ആലോചിക്കാൻ പലതും ഉണ്ടായിരുന്നു. ആ ആലോചനകളെയെല്ലാം കേന്ദ്രീകരിച്ചാണ് മർകസ് എന്ന സ്ഥാപനത്തിന് ഞങ്ങൾ രൂപരേഖ തയ്യാറാക്കിയത്.

നടക്കുമോ എന്ന് പലരും സംശയിച്ച ഒരു സ്വപ്നമായിരുന്നു മർകസ്. കാരണം, സാമൂഹിക ജീവിതത്തിലെ പങ്കിനെ പലർക്കും വീതിച്ചു കൊടുത്ത ഒരു സമൂഹമായിരുന്നു നമ്മുടേത്. പണ്ഡിതന്മാർ ചെയ്യേണ്ടത്, ഭൗതിക വിദ്യാഭ്യാസം നേടിയവർ ചെയ്യേണ്ടത്, രാഷ്ട്രീയക്കാർ ചെയ്യേണ്ടത് എന്നിങ്ങനെ. ഇതിനിടയിലാണ് ഒരു പറ്റം മുസ്‌ലിം പണ്ഡിതന്മാർ ഈ വീതംവെപ്പിനെയെല്ലാം മാറ്റിമറിച്ചുകൊണ്ട് സാമൂഹിക പ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. വലിയൊരു വെല്ലുവിളിയായിരുന്നു ഞങ്ങൾക്ക് എറ്റെടുക്കേണ്ടിയിരുന്നത്. സ്കൂളുകളുടെയും എൻജിനീയറിംഗ് കോളജുകളുടെയും എല്ലാം മേൽനോട്ടക്കാരായി താടിയും തലപ്പാവുമുള്ള ഉലമാക്കൾ വന്നു. അവർ വിദ്യാർഥികൾക്ക് അറിവിനോടൊപ്പം ആത്മീയമായ ഉണർവും നൽകി.

**സ്വയം പര്യാപ്തരായ ഒരു സമൂഹത്തെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ നാം ലക്ഷ്യമിടുന്നത്. സർക്കാർ സംവിധാനങ്ങളെയും മറ്റും കാത്തുനിന്ന് സമുദായത്തിന്റെ വലിയൊരു സമയം പാഴാക്കി. ഇനിയും നാം പുറത്തുനിന്നുള്ള സഹായങ്ങളേയും സ്ഥാപനങ്ങളേയും കാത്തുനിന്ന് നിരാശരായിക്കൂടാ. അതുകൊണ്ടാണ് നാം തന്നെ ഇത്തരം പദ്ധതികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നത്. മർകസ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ മുസ്‌ലിംകൾ മാത്രമല്ല. അർഹരായ ഒരാൾക്കുമുന്നിലും മർകസ് അതിന്റെ വാതിലുകൾ അടച്ചിടാറില്ല.**

മർകസ് അവരെ നല്ല സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ചു. ആ സ്വപ്നങ്ങൾ കൈപ്പിടിയിലൊതുക്കാനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും മർകസ് അവർക്കായി ഒരുക്കിക്കൊടുത്തു. മർകസിന്റെ തണൽ തേടി വന്നവരാരും നിരാശരായില്ല.അവർ നല്ല വിദ്യാർഥികളായി. നല്ല പ്രൊഫഷനലുകളായി, രക്ഷിതാക്കളായി, പൗരന്മാരായി. സർവോപരി മികച്ച വിശ്വാസികളായി. അവർ നാടിനും കുടുംബത്തിനും വേണ്ടപ്പെട്ടവരായി. അതാണ് മർകസിനെ മറ്റു പലതിൽ നിന്നും വ്യത്യസ്തമാക്കുന്നത്. കാര്യങ്ങളെ അമൂർ